(ശ്രീ. ടി. കെ. രാമകൃഷ്ണൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉന്നയിച്ച സംഗതിയോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞതിൽ കൂടുതൽ ഒന്നും പറയുവാനില്ല.....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്.....പ്ലീസ്....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി തുടർന്നുള്ള നടപടികൾ തടസ്സപ്പെടുത്തത്തക്കവിധത്തിൽ 'അഴിമതിയാണേ അഴിമതിയാണേ പ്ലസ് ടു മുഴുവൻ അഴിമതിയാണേ 'യു.ഡി.എഫ്. സിന്ദാബാദ്' തുടങ്ങിയ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടിരുന്നു.....(ബഹളം).....)

യേസ്..... യേസ്..... പ്ലീസ് ഹിയർ, പ്ലീസ് ഹിയർ.....ഐറ്റം നമ്പർ 3 ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ്.

III റിപ്പോർട്ട് സമർപ്പണം

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ മൂന്നാമതായ റിപ്പോർട്ട്

ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് : സർ, അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മൂന്നാമതായ റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ : റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു..... (ബഹളം)..... ഐറ്റം നമ്പർ IV.

IV ധനകാര്യം

2000-2001 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൽ മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XXVII - സഹകരണം

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്ക് നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.....(ബഹളം).....

സഭയുടെ വോട്ടിനുവേണ്ടി സമർപ്പിക്കുന്ന ധനാഭ്യർത്ഥനകളുടെ ലിസ്റ്റ്

LIBRARY ARCHIVES Kerala Legislative Assembly

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2000-2001

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	27-3-2000-ൽ സഭാസ്വീകൃതമായ വോട്ട് ഓൺ അക്കൗണ്ട് തുക			സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക	
		റവന്യൂ (രൂപ)	മൂലധനം (രൂപ)	റവന്യൂ (രൂപ)	മൂലധനം (രൂപ)	ആകെ (രൂപ)
(1)	(2)	(3)	(4)	(5)	(6)	(7)
XXVII	സഹകരണം	16,88,40,000	16,93,34,000	33,76,79,000	31,98,69,000	67,75,48,000

പിന്നോക്ക-പട്ടികജാതിക്ഷേമ വകുപ്പുമന്ത്രി (ശ്രീ കെ രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്കുവേണ്ടിയുള്ള സ്റ്റേറ്റ്മെന്റ് ശ്രീ. കെ രാധാകൃഷ്ണൻ.....(ബഹളം).....

ധനകാര്യവകുപ്പുമന്ത്രിക്കുവേണ്ടി, പിന്നോക്ക-പട്ടികജാതിക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 236(3) അനുസരിച്ച് സഹകരണം എന്ന XXVII -ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിച്ചുള്ള സ്റ്റേറ്റുമെന്റ് ഞാൻ മേശപ്പുറത്തുവയ്ക്കുന്നു †

.....(ബഹളം).....

മി. സ്പീക്കർ: കട്ട്മോഷനുകൾ അവതരിപ്പിക്കാം.....(ബഹളം).....
ശ്രീ. കെ. അച്ചുതൻ.....ശ്രീ. ബി. രാജഗോപാൽ.....ഡോ: എം. എ. കുട്ടപ്പൻ

ശ്രീ. പി. ജെ. ഫ്രാൻസിസ്.....ശ്രീ. കെ. സി. ജോസഫ്.....
ശ്രീ. പി. ജെ. ജോയി.....ശ്രീ. കെ. പി. എ. മജീദ്.....ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.....ശ്രീ. തന്നാനൂർ രവി.....ശ്രീ. വി. ജെ. പൗലോസ്.....
ശ്രീ. കെ. ബാബു.....ശ്രീ. കെ. എം. മാണി.....ആരുമില്ല കട്ട്മോഷനുകൾ ഒന്നും അവതരിപ്പിക്കപ്പെട്ടിട്ടില്ല. ചർച്ച ഇല്ല.

(പ്രതിപക്ഷാംഗങ്ങൾ നടുത്തളത്തിലിറങ്ങി മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തികൊണ്ടിരുന്നതിനാൽ ചെണ്ഡനോപക്ഷേപങ്ങൾ അവതരിക്കപ്പെട്ടില്ല.

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) : സർ, ഈ സർക്കാർ അധികാരത്തിൽവന്ന് നാലുവർഷം കഴിയുമ്പോൾതന്നെ സഹകരണമേഖലയിൽ നടപ്പാക്കിയിട്ടുള്ള നിരവധി പദ്ധതികൾ ദേശീയശ്രദ്ധ നേടിയെടുത്തിട്ടുണ്ട്. ഈ മേഖലയിലെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തി നമ്മുടെ സംസ്ഥാനത്തിന്റെ വികസന സംരംഭങ്ങളിലെ ഉൽപ്പാദനമേഖലയ്ക്ക് പ്രോദ്ദീപനം നൽകാൻ നിരവധി പദ്ധതികൾ ഈ വർഷം നടപ്പിലാക്കുകയാണ്. ചെറുകിട കർഷകരെയും ഭൂരഹിത കർഷകത്തൊഴിലാളികളെയും സ്വന്തമായി കൃഷിചെയ്യാൻ സൗകര്യമില്ലാത്ത ഭൂഉടമകളെയും കാർഷിക അഭിവൃദ്ധിയിൽ താൽപ്പര്യമുള്ള മറ്റു ഗ്രാമീണ ജനവിഭാഗങ്ങളെയും ഉൾപ്പെടുത്തികൊണ്ട് സംസ്ഥാനത്ത് രണ്ടായിരം സ്വയംസഹായ സമിതികൾ സംഘടിപ്പിച്ച് ഇവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സജീവപങ്കാളിത്തത്തോട് കൂടി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ വഴി പലിശരഹിത വായ്പ വഴ്യമാക്കുമെന്ന് ഉറപ്പുവരുത്തുകയാണ്. വായ്പാ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിച്ചുകൊണ്ട് ഉദാരവ്യവസ്ഥകളിൽ വായ്പ നൽകി സ്വകാര്യ പണമിടപാടുകാരിൽനിന്നു വായ്പാ അപേക്ഷകരെ മോചിപ്പിക്കുമെന്ന് ഈ ഗവൺമെന്റ് ദൃഢനിശ്ചയം ചെയ്തിരിക്കുകയാണ്. ജനറൽ ഇൻഷ്വറൻസ് രംഗത്ത് 175 കോടിരൂപയുടെ ഓഹരി മൂലധനത്തോടുകൂടിയ ഒരു കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സഹകരണവും സംസ്ഥാന തലത്തിൽ രൂപീകരിച്ച് പ്രവർത്തനമാരംഭിക്കും. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളുടെ വികസനവും ക്ഷേമവും ലക്ഷ്യമാക്കി സഹകരണ കോ-ഓപ്പറേറ്റീവ് ഡെവലപ്പ്മെന്റ് ആന്റ് വെൽഫെയർ ഫണ്ട് രൂപീകരിക്കും. സംസ്ഥാനത്തിന്റെ സർവ്വതോൽമുഖമായ വികസനത്തിന് ഉതകുന്നവിധത്തിൽ പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് സംസ്ഥാന സഹകരണബാങ്കിന്റെ നേതൃത്വത്തിലുള്ള കൺസോർഷ്യത്തിൽ നിന്ന് ആയിരം കോടിരൂപ വായ്പനൽകും. സഹകരണസ്ഥാപനങ്ങളുടെ തെരഞ്ഞെടുപ്പുനടത്തുന്നതിനുള്ള തെരഞ്ഞെടുപ്പു കമ്മീഷനും സഹകരണ സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള കോഓപ്പറേറ്റീവ് സർവ്വീസ് ആന്റ് എസ്റ്റാബ്ലിഷ്മെന്റ് ബോർഡും ഉടനെ രൂപംകൊള്ളും. കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ പെട്രോൾ പമ്പുകളും നീതി ആട്ടോമൊബൈൽസ് സ്പെയർപാർട്സ് വിൽപനശാലകളും ആരംഭിക്കും. കൺസ്യൂമർ ഫെഡറേഷൻ പ്രവർത്തകരെ വിപുലീകരിക്കും.....(ബഹളം).....

മി. സ്പീക്കർ : ഗവൺമെന്റിന് പറയുവാനുള്ള കാര്യങ്ങളാണ് അദ്ദേഹം പറയുന്നത്.....പ്ളീസ്.....പ്ളീസ്.....(ബഹളം).....

ശ്രീ. എസ്. ശർമ്മ : പുതിയതായി 100 നീതി മെഡിക്കൽസ്റ്റോറുകളും 25 ത്രിവേണി സൂപ്പർ മാർക്കറ്റുകളും ആരംഭിക്കും. ഒരു ലക്ഷം പേർക്ക് പുതിയതായി ഗ്യാസ് കണക്ഷൻ നൽകുന്നതിനായി കൊല്ലം, കണ്ണൂർ ജില്ലകളിൽ എൽ. പി.ജി. ബോട്ട്ലിംങ് പ്ലാന്റുകൾ സ്ഥാപിക്കും. കൂടാതെ ആറരക്കോടിരൂപ മുതൽമുടക്കുള്ള കോൾഡ് സ്റ്റോറേജ് എറണാകുളം ജില്ലയിൽ സ്ഥാപിക്കും. നീതി സ്റ്റോറുകൾ വഴി ഉൽസവകാലത്ത് നൽകിവരുന്ന സബ്സിഡിയോടുകൂടിയുള്ള ആവശ്യസാധനങ്ങളുടെ വിതരണം ഈ വർഷവും നടത്തും. റബ്ക്കോ, റബ്ബർ സംഭരണം ഊർജ്ജിതപ്പെടുത്തുന്നതും ഇപ്രകാരം

സംഭരിക്കുന്ന റബ്ബർ എക്സ്പോർട്ട് ചെയ്യുന്നതോടൊപ്പം റബ്ബറധിഷ്ഠിത വ്യവസായങ്ങളായ മെത്ത നിർമ്മാണ ഫാക്ടറി ആട്ടോമൊബൈൽസ് ടയർഫാക്ടറിയും ലാറ്റക്സ് ഫാക്ടറിയും ട്രെഡ് റബ്ബർ ഫാക്ടറിയും ഈ വർഷം കമ്മീഷൻ ചെയ്യും.....(ബഹളം).....

(വെളിയിലേയ്ക്ക് ഇറങ്ങിനിന്ന പ്രതിപക്ഷാംഗങ്ങൾ സഭാനടപടികൾ തടസ്സപ്പെടുത്തുന്ന രീതിയിൽ മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

മി. സ്പീക്കർ : ശ്രീ. എസ്. ശർമ്മയ്ക്ക് പറയുവാനുള്ളത് മേശപ്പുറത്ത് വച്ചാൽമതി.

ശ്രീ. എസ്. ശർമ്മ : ഞാൻ മേശപ്പുറത്തുവയ്ക്കാം ബൈഡ്കോയുടെ ആഭിമുഖ്യത്തിൽ മാവിനങ്ങളിൽനിന്നും വളം നിർമ്മിക്കുന്ന ഒരു ഫാക്ടറി കണ്ണൂരിൽ ആരംഭിക്കും. സഹകരണമേഖലയിൽ ഡെന്റൽ കോളേജ് ആരംഭിക്കും. പത്ത് എഞ്ചിനീയറിംഗ് കോളേജുകളും മെഡിക്കൽ കോളേജും ആരംഭിക്കും.....(ബഹളം).....സാഹിത്യപ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഒരു പ്രിന്റിംഗ് ടെക്നോളജി യൂണിറ്റ് ആരംഭിക്കും .....(ബഹളം).....വായ്പാ സഹകരണ സംഘങ്ങളിലെ ഡെപ്പോസിറ്റ് .....മഹിളാ പ്രധാൻ ഏജന്റുമാർക്ക് പ്രത്യേക ക്ഷേമനിധി രൂപീകരിക്കും. സംസ്ഥാന ഹൗസിംഗ് ഫെഡറേഷൻ 10000 വീടുകൾ നിർമ്മിക്കുന്നതിനുള്ള വായ്പ നൽകും. കാർഷികോൽപ്പന്നങ്ങൾ അസംസ്കൃത വസ്തുക്കളായി ഉപയോഗിച്ചുകൊണ്ടുള്ള പുതിയ വ്യവസായ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ വ്യക്തികൾക്ക് സംസ്ഥാന സഹകരണബാങ്ക് വായ്പ നൽകും..... ധനാഭ്യർത്ഥന പാസ്സാക്കിതരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : സഹകരണം എന്ന XXVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2000-2001 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

(ധനാഭ്യർത്ഥന പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.)

മി. സ്പീക്കർ : മറ്റു നടപടികളൊന്നും സഭയുടെ മുൻപിൽ അവശേഷിക്കുന്നില്ല. ഓർഡർ.....ഓർഡർ.....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 23-ാം തീയതി രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി 22-ാം തീയതി രാവിലെ 10.28-നു സഭ പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

സബ്ജക്ട് കമ്മറ്റി - IX

തദ്ദേശ സ്വയംഭരണവും സഹകരണവും

2000-2001-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത്തെ റിപ്പോർട്ടിൻമേൽ ധനകാര്യ മന്ത്രിയുടെ പ്രസ്താവന

ധനാഭ്യർത്ഥന XXVII - സഹകരണം

ക്രമ നമ്പർ	കമ്മറ്റിയുടെ ശുപാർശ ഖണ്ഡിക നമ്പർ	മറുപടി
1	6	സഹകരണ രജിസ്ട്രാർ/ ഭരണ വകുപ്പുമായി ആലോചിച്ച ശേഷം ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.
2	7	ഇക്കാര്യത്തിൽ വേണ്ട നടപടിക്രമങ്ങൾ എല്ലാം പൂർത്തിയായതിനുശേഷം തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.
3	8	ഇത് 100% കേന്ദ്രാവിഷ്കൃത പദ്ധതിയിൽ പെടുന്നതാണ്. കേന്ദ്രസർക്കാർ പദ്ധതികൾ അംഗീകരിച്ച് സംസ്ഥാനത്തിന് തുക അനുവദിക്കുന്ന മുറയ്ക്ക് ഈ വിഭാഗത്തിന് കൂടുതൽ തുക അനുവദിക്കുന്നതാണ്.
4	9	എൻ.സി.ഡി.സി. പദ്ധതികൾ അംഗീകരിക്കുന്ന മുറയ്ക്ക് അവയുടെ നടത്തിപ്പിനാവശ്യമായ തുക അനുവദിക്കുന്നതാണ്.

ധനകാര്യ മന്ത്രി അംഗീകരിച്ചത്

ജോയിന്റ് സെക്രട്ടറി (ധനകാര്യ വകുപ്പ്)

LIBRARY ARCHIVES Kerala Legislative Assembly